Assistant Professor
BBA

All of my soul was shattered
With my mind getting baffled
To the one moment in life
When I saw your face without any life
Though I knew you won't be near
Those tears were forever
My heart could not bear the pain
That would never be gone.
You were my hero
You were my first love
But now you lie there
In the silence and wrapped up.
Life has been hard for you
I know
But still you had long to go.
My mind still finds no words
To understand that you are no more.
I miss you, missed you always
You were there and remain ever
In my last memory, you remain
Oh papa come back again......



# A Month of Love



**MINNA MEHRIN K S**
2nd B A English

**In** the pathway of chance, we crossed once,
A fleeting glance, a forgotten face.
But fate had other plans, it seemed,
He searched for me, though I didn't dream.

Months went by, and we met again,
In a tea shop, where stories begin.
A sauce bottle passed between us, eyes locked tight,
A spark ignited, a connection took flight.

My friend whispered low, "He looks at you with love,"
I searched for him, and his name rose above.On next day
I walked with attitude, but couldn't hide,
My smile betrayed me, and his heart took pride.

On Instagram, our words danced and played,
He confessed his crush, and my heart was swayed.
I wondered how, but didn't ask why,
For in his eyes, my heart felt alive.

A month of love, seven months of memories,
Bittersweet moments, laughter, and tears.
He left, but the memories remain,
Thank you for the happiness, the love, the pain.



# നിലാവിൽ മായുന്ന നിഴൽ



**AYSHA SULTHANA**
Final BA English

നീലരാവിൻ ഏകാന്തതയിൽ ചന്ദ്രനെ നോക്കി,
നിന്നോടുള്ള സങ്കടം പടച്ചവനോട് ചൊല്ലി,
കണ്ണുനീർ തുള്ളികൾ മണ്ണിൽ പതിക്കുമ്പോൾ,
നിന്നെക്കുറിച്ചുള്ള ഓർമ്മകൾ മാത്രമായിരുന്നു കൂട്ട്.
ഒരുപാട് കാലത്തിനു ശേഷം
ചന്ദ്രബിംബത്തെ സാക്ഷി നിർത്തി
ഞാൻ നിന്നെ കണ്ടു..
നീ മുന്നേ നടന്നു..
നിന്റെ നിഴലിലൊളിച്ചൊരു നിഴലായി
ഞാൻ പിന്നിലും...
നിറഞ്ഞു തുളുമ്പിയ കണ്ണുകളെ ഞാൻ അടക്കിപ്പിടിച്ചു,
നീ അറിയാതെ, നിന്റെ കാൽപ്പാടുകളെ ഞാൻ പിന്തുടർന്നു..
നിന്റെ ആ നിഴലിനെ ഒന്ന് ചുംബിക് ഞാൻ ആഗ്രഹിച്ചു,
പക്ഷേ, നീങ്ങുന്ന നിഴൽ പോലെ നീ എന്നിൽ നിന്നകന്നു..
ആ ചന്ദ്രനെ നോക്കി ഞാൻ പതുക്കെ മന്ത്രിച്ചു:
"പ്രിയപ്പെട്ട ചന്ദ്രനേ, നിന്നെക്കാൾ തിളക്കം എന്റെ പ്രിയപ്പെ
ട്ടവനാണ്.."
ദിവസങ്ങൾ നിമിഷങ്ങളെ പോലെ  കൊഴിഞ്ഞു വീണു, നീയും
പോയി...
ആ ഇരുണ്ട വഴിയിൽ ഇന്നും ഞാൻ തനിച്ചു നിൽക്കുന്നു..
നിലാവിനു പോലുമില്ലാത്ത പ്രകാശം കൊണ്ട്  എന്റുള്ളം നി
റച്ച്...
എന്റെ ജീവിതത്തിന്റെ പ്രകാശം കവർന്നു നീ മറഞ്ഞു..
ഇന്ന് ആ നിലാവിനു പോലും ഇരുട്ടിന്റെ നിറമാണ്,
കാരണം, നീയില്ലാത്ത എന്റെ  ഈ ജീവിതയാത്ര ഇരുളിൽ
തപ്പുന്ന വെറുമൊരു  നിഴൽ മാത്രം...

# രഞ്ജിഷ് ഹി സഹി
# വിരഹത്തിന്റെ ഉർദു ഗീതം



**THAHIR MUHAMMED**
Assistant Professor
Department of Arabic

**ആമുഖം:**

അഹമ്മദ് ഫറാസ് എന്ന വിഖ്യാത ഉർദു കവിയുടെ വരികൾക്ക് മെഹ്ദി ഹസ്സൻ നൽകിയ ആലാപന മാധുര്യം 'രഞ്ജിഷ് ഹി സഹി'യെ ലോകപ്രശസ്തമാക്കി. പ്രണയവും വിരഹവും ഒരു പോലെ തുളുമ്പുന്ന ഈ ഗസലിന്റെ ഒരു സ്വതന്ത്ര പരിഭാഷ.

ഹൃദയം നോവുന്ന നീറ്റലായി നീ വരൂ,
വേറിടാമെന്ന് പറയുവാനാണെങ്കിലും നീ വരൂ.
ആദ്യമതൊരു വേദനയായും, പിന്നെയതൊരു ശീലമായും,
പതിവായി ലോകത്തെ കുളിരണിയിക്കാൻ നീ വരൂ.
പിരിയാൻ കാരണം നമ്മൾ തന്നെയെന്ന് ചിലർ പറയുന്നു,
കാലത്തോടൊന്നു കലഹിക്കുവാനാണെങ്കിലും നീ വരൂ.
നീയെനിക്ക് പ്രണയത്തിൻ മിഥ്യാ മോഹമായി,
എനിക്കൊരാനന്ദഭൂതിയാകാനാണെങ്കിലും നീ വരൂ.
പ്രായമിത്രയാകിലും ആനന്ദവും നഷ്ടവും നിത്യമെന്നെ കരയിക്കുന്നു,
ആശ്വാസത്തിൻ ആത്മാവായ് എന്നിലേക്കണയാൻ നീ വരൂ.
നിനക്കായുള്ള കാത്തിരിപ്പ് എന്റെ ഹൃദയത്തിന് കുളിരേകുന്നു,
അവസാനമായി പ്രണയത്തിൻ വിളക്കണയ്ക്കാനെങ്കിലും നീ വരൂ.

കടപ്പാട്:
രചന: **അഹമ്മദ് ഫറാസ്**
ആലാപനം: **മെഹ്ദി ഹസ്സൻ**
വിവർത്തനം: **താഹിർ മുഹമ്മദ്**



# അവസാനം എത്തിയെന്ന തോന്നൽ





**AMEEN AHSAN**
BSW

ഒരു ദിവസം ശാന്തമായ ഒരു മരുഭൂമിയിൽ നല്ല പൊള്ളുന്ന വെയിലിൽ ഒരു മനുഷ്യൻ തന്റെ ഒട്ടകവുമായി മരുഭൂമിയിലൂടെ സഞ്ചരിക്കുകയാണ്. അദ്ദേഹം നടന്ന് നടന്ന് ഒരു വിജനമായ ഒരു വീട് കണ്ടു അതിന്റെ അടുത്ത് ഒരു കിണറും ഉണ്ടായിരുന്നു അദ്ദേഹം ആ കിണറിന്റെ അടുത്തേക്ക് ഓടി. ആ കിണറിൽ ഒരു അത്ഭുതവും മനോഹരമായ പെട്ടി കണ്ടു. അദ്ദേഹം അത് ആഗ്രഹിച്ച് കിണറിന്റെ അടുത്ത് ഉണ്ടായ ഒരു കയറിൽ ഇറങ്ങി ആ മനോഹരമായ പെട്ടി എടുത്തു.

അടുത്ത ദിവസം ആ പെട്ടി ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് നിറത്തിൽ ഉള്ള ഒരു താക്കോലിന്റെ അകൃതിയിൽ ഉള്ള ഒരു പെട്ടി. അദ്ദേഹം അതിനെ ഒരു കല്ല് കൊണ്ട് പൊട്ടിക്കുവാൻ നോക്കിയപ്പോൾ അതിന് യാതൊരു കെടുപാടും സംഭവിച്ചിട്ടില്ല. അയാൾ അത് എല്ലാ ദിവസവും തുടർന്ന് ഒരു മാറ്റവുമില്ല.

അങ്ങനെ ഒരു ദിവസം ഇരിക്കുമ്പോൾ ആണ് ചങ്ങാതിയായ പെട്ടികൾ പൊട്ടിക്കുന്ന കോയയെ ഓർമ വന്നത് ഉടനെ തന്നെ വിളിച്ചു. ആ വിളി കട്ടാക്കുന്നതിന് മുൻപ് തന്നെ കോയ അവിടെ എത്തി. പ്രകൽഭനായ കോയ ശ്രമിച്ചിട്ടും അത് തുറക്കാൻ പറ്റുന്നില്ല.

അങ്ങനെ ഇരിക്കുമ്പോൾ ഒരു രാത്രിയിൽ പെട്ടി തുറന്നു തനിയെ. അദ്ദേഹം രാവിലെ ഉണർന്നപ്പോൾ കാണുന്നത് തുറന്ന് കിടക്കുന്ന പെട്ടിയാണ്. അദ്ദേഹം അതിൽ നോക്കിയപ്പോൾ അതിനുള്ളിൽ ഒരു താക്കോൽ. അത് അദ്ദേഹം എടുത്തപ്പോൾ തന്നെ പെട്ടി പുട്ടി പോയി. അദ്ദേഹം ആ താക്കോൽ വെച്ച് തുറന്നപ്പോൾ അതിനുള്ളിൽ ഒരു ഗ്ലാസ് വെള്ളം അദ്ദേഹത്തിന് ആവശ്യത്തിന് മീതെ വെള്ളം. അദ്ദേഹം സന്തുഷ്ടാനായി.

ഒരു ദിവസം അദ്ദേഹത്തിന്റെ കയ്യിലുള്ള ആഹാരം തീർന്നു എന്ത് ചെയ്യും എന്ന ചിന്തയിൽ പെട്ടി തുറന്നു. അപ്പോൾ ആ പെട്ടി നിറയെ പണം. അദ്ദേഹം അത്ഭുതപെട്ടു. അദ്ദേഹം എന്താണോ വിചാരിക്കുന്നത് അത് ആ പെട്ടിയിൽ വരുന്നു.

അങ്ങനെ ഒരു മാസം അയാൾ എന്ത് വിചാരിച്ചാലും ലഭിച്ചിരുന്നു. അദ്ദേഹം വളരെ സന്തോഷവാനായി. അങ്ങനെ ഇരിക്കെ ഒരു രാത്രി കോയ വീട്ടിൽ കയറി അദ്ദേഹം അറിയാതെ പെട്ടി എടുത്തോണ്ട് പോയി. കോയ പെട്ടി തുറന്നപ്പോൾ താക്കോൽ. ഇത് കൊണ്ട് എന്ത് ഉപകാരം എന്ന് കരുതി അത് അവിടെ ഉപേക്ഷിച്ചു. പക്ഷെ ആ പെട്ടി അന്വേഷിച് അദ്ദേഹം ഇപ്പോഴും നടക്കുകയാണ്....



**THANVEER EBRAHIM**
Asst. proffessor
Department of Malayalam




# കേരള ആധുനികതയുടെ ദലിത് പരിപ്രേക്ഷ്യം

പൊയ്കയിൽ യോഹന്നാനിനെയും പ്രത്യക്ഷരക്ഷാദൈവസഭയെയും സനൽ മോഹൻ മതപ്രസ്ഥാനം ആയിട്ടാണ് സ്ഥാനപെടുത്തുന്നത്. കേരളത്തിൽ എത്തിയ മിഷണറി/പ്രൊട്ടസ്റ്റന്റ് ആധുനികത ജാതി അടിമകൾ ആയിരുന്ന ദലിത് സമുദായത്തിൽ നടത്തിയ മതപരിവർത്തന പ്രവർത്തനങ്ങളെയും സാമൂഹ്യമായ പരിഷ്കരണ പ്രവർത്തനങ്ങളെയും സനൽ മോഹൻ പ്രധാനമായ് കാണുന്നു. മിഷണറിമാർ കൊണ്ട് വന്ന പുതിയ മതവും മോക്ഷത്തെ കുറിച്ചുള്ള ആലോചനകളും മതംമാറ്റത്തോടൊപ്പം ദലിതർ അനുവർത്തിച്ച ശീല പരിണാമങ്ങളും (change in the habits) ആധുനിക പൗരന്മാർ എന്ന നിലയിൽ ഉള്ള ദലിത് സമുദായത്തിന്റെ ഗമനത്തെ സ്വാധീനിച്ചു. "ശീലങ്ങളിലെ വിപ്ലവം" (Revolution In Habits) (comaroff, 1997:8) ദലിതുകൾക്ക് സാമൂഹ്യ ഇട(social space)ങ്ങളിലേക്ക് വാതിൽ തുറക്കുകയും ചെയ്തു. ഈ നവഭാവനകൾ ബദൽ പൊതുഇടങ്ങളെ കുറിച്ചുള്ള സാധ്യതകളെ കൂടി മുന്നോട്ട് വച്ചു (Mohan,2016:75). ഇത്തരം മതപ്രസ്ഥാനങ്ങൾ ഒരു പുതിയ പൊതുമണ്ഡലത്തെയും ആത്മീയ ഭൗതിക മേഖലകളിൽ സാമൂഹിക പ്രവൃത്തി മണ്ഡലത്തി(social praxis)ന്റെ പുതിയ സാദ്ധ്യതകളേയും വിഭാവന ചെയ്തു (Ibid:78). പ്രത്യക്ഷരക്ഷാദൈവസഭയുടെ മതഭാവന ബൈബിളിനെയും മോക്ഷസങ്കൽപത്തെയും ദലിത് ജീവിതാനുഭവങ്ങളോട് ചേർത്തുവച്ച വിമോചകമായ ഒന്നായിരുന്നു ."ആധുനികതയിലേക്കുള്ള മതപരിവർത്തനം"(Religious conversion to modernity) ആയി സനൽ മോഹൻ പ്രത്യക്ഷരക്ഷാദൈവസഭയെ വരച്ചിടുന്നു. ദലിതുകളുടെ മതപരിവർത്തനം മതത്തിലേക്കും ആധുനികതയിലേക്കും ഉള്ള ഒരു ഇരട്ടപരിവർത്തനം(Double conversion) ആണെന്ന് സനൽ മോഹൻ ചേർത്ത് വായിക്കുന്നു (Ibid:88-89).

അടിമത്തത്തിന്റെ ഭൂതകാലത്തെ

കുറിച്ചുള്ള ഒരു സംസ്കാര സ്മൃതിയെയും(cultural memory) പൊയ്കയിൽ യോഹന്നാൻ നിർമിച്ചെടുക്കുന്നുണ്ട്. അടിമത്തത്തെ സാമൂഹ്യ സാമ്പത്തിക (socio economic) ഗണമായി ചുരുക്കാതെ അനുഭവാത്മകമായ (Experiential)

ഒരു ഗണമായി നിർമിച്ചു കൊണ്ട് അതിനെ തന്റെ കമ്മ്യൂണിറ്റിയെ ഐക്യപ്പെടുത്തുന്ന ഒരു വിഭവമായും സ്രോതസായും ഉപയുക്തമാക്കുകയാണ് യോഹന്നാൻ ചെയ്തത് (Ibid:89). ആധുനികതയുടെ സങ്കീർണ ചരിത്ര സാഹചര്യങ്ങൾ ഒരുക്കിയ ഭൂമികയിൽ പ്രൊട്ടസ്റ്റന്റ് ആധുനികതയുമായുള്ള കണ്ടുമുട്ടലിലൂടെ ഒരു കമ്മ്യൂണിറ്റിയെ നിർമിച്ചെടുക്കുകയാണ് പൊയ്കയിൽ അപ്പച്ചൻ ചെയ്തത്. അത്തരമൊരു കമ്മ്യൂണിറ്റിയുടെ വിഭാവനത്തിന് മതേതര സ്ഥാപനങ്ങളെക്കാൾ സ്രോതസായത് ബൈബിളിന്റെ വ്യവഹാര മണ്ഡലം ആണ്. ബൈബിളിന്റെ ഭാവനാമണ്ഡലത്തെ ദലിത് അനുഭവങ്ങളോട് ചേർത്ത് വച്ചു സ്വതന്ത്രമായ പുതിയ ഒരു സമുദായ സ്വത്വത്തെ നിർമിചെടുക്കുകയാണ് യോഹന്നാൻ ചെയ്തത്. ജാതി അടിമത്തത്തെ കുറിച്ചുള്ള ഭൂതകാല ആഖ്യാനം ഈ സമുദായ സ്വത്വത്തിന്റെ അടിത്തറ പടവുകളിൽ ഒന്നാണ്. പ്രസ്തുത ആഖ്യാനം അടിമത്തം എന്ന സാർവദേശീയ (universal) ഗണത്തെ അല്ല നിർമിക്കുന്നത്. ഇത് സവിശേഷ(particular)മായതും പ്രദേശികമായതും (local) ആയ ജാതിയും അതിന്റെ സാംസ്കാരിക പരിസരത്തിൽ നിന്നുയരുന്ന അടിമത്തത്തിന്റെ സാംസ്കാരിക സ്മൃതികളെ ആസ്പദമാക്കിയും നിലനിൽക്കുന്ന ഒന്നാണ്. പടിഞ്ഞാറൻ അടിമത്തത്തിന്റെ ആഗോളഭാഷയുടെ നാട്ടുഭാഷയിലേക്കുള്ള വിവർത്തനം അല്ല ഈ ജാതി അടിമത്തം. അടിമത്തം എന്ന സാർവദേശീയ ഗണത്തിന്റെ കേരളത്തിന്റെ പ്രാദേശിക സ്ഥലിയിലേക്കുള്ള ഒരു പറിച്ചു നടലും മാത്രമല്ല. ജാതി അടിമത്തത്തിന്റെ പ്രദേശികവും സാംസ്കാരികവും ആയ അനന്യത(particularity) ഇവിടെ വ്യക്തമാണ്.

അങ്ങനെ പ്രത്യക്ഷരക്ഷാദൈവസഭ നിർമിച്ചെടുത്ത ഭൂതകാല സാംസ്കാരിക സ്മൃതി സാർവലൗകിക(universal)മായ സംവർഗങ്ങളെ ഉല്ലംഘിക്കുന്നുണ്ട്. അടിമത്തത്തിന്റെ ആഗോള ചരിത്രമല്ല മറിച്ചു ജാതി അടിമത്തിന് പ്രാദേശിക ചരിത്രമാണ് ഈ ഭൂതകാല നിർമിതിയിൽ തെളിയുന്നത്. രണ്ടും സാംസ്കാരികമായ രണ്ട് അനുഭവങ്ങളാണ്; പടിഞ്ഞാറൻ അടിമത്തവും കേരളത്തിലെ ജാതി അടിമത്തവും സമാന അനുഭവങ്ങളോ സമാന സംവർഗങ്ങളോ അല്ല.ആധുനികതയുടെ മൂശയിൽ കമ്യൂണിറ്റി എന്ന സംവർഗ്ഗത്തിന്റെ പുതുപിറവിയാണ് പ്രത്യക്ഷരക്ഷാദൈവസഭയുടെ പ്രാദേശിക ചരിത്രം ചൂണ്ടികാണിക്കുന്നത്. കൊളോണിയലിസം -ദേശീയത എന്നീ ബ്രിഹദ് ആഖ്യാനങ്ങൾ ദലിത് ജീവിതങ്ങളുടെയും മുന്നേറ്റങ്ങളുടെയും കർതൃത്വത്തെയും നിർവാഹകത്വത്തെയും അടയാളപെടുത്തുന്നതിൽ പ്രശ്നമായി ഭവിച്ചിട്ടുണ്ട്. കൊളോണിയലിസത്തെ കുറിച്ചുള്ള കോളനിവൽകൃതജനതയുടെ ബഹുസ്വരമായ കാഴ്ചകളെ (mohan,2016:77) ഈ അധീശത്വ സങ്കല്പനങ്ങൾ മറച്ചിട്ടുണ്ട്. കൊളോണിയൽ വിരുദ്ധ ദേശീയതയ്ക്ക് നൽകിയ സംഭാവനകളുടെ (Rawat,2016:8) അടിസ്ഥാനത്തിൽ പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ ചരിത്രത്തെ രചിക്കുക എന്നാൽ ദേശീയതയുടെ അധീശത്വചരിത്ര വ്യവഹാരത്തിലേക്കു ഉൾച്ചേർക്കപ്പെടുക എന്നതാണ് പരിണിത ഫലം. അത് പ്രത്യക്ഷരക്ഷാ ദൈവസഭയുടെ ചരിത്രത്തെ കുറിച്ചുള്ള വരേണ്യ ദേശീയ വാദ വീക്ഷണം മാത്രം ആണ്. .പ്രത്യക്ഷ രക്ഷാ ദൈവസഭയെ അവരുടെ തന്നെ വീക്ഷണ കോണിൽ നിന്ന് നോക്കുവാനുള്ള ശ്രമങ്ങൾ ദേശീയതാ ചരിത്രം നിർമിച്ച കൊളോണിയലിസം - കൊളോണിയൽവിരുദ്ധ ദേശീയത എന്നിങ്ങനെയുള്ള അധീശത്വ സംവർഗങ്ങളെ പ്രശ്നഭരിതമാക്കുന്നുണ്ട്. ആധുനികത മുന്നോട്ട് വച്ച മതം-മതേതരത്വം പോലുള്ള ശ്രേണീകൃത്യമായ ഗണങ്ങളും മതപരിവർത്തനത്തിലൂടെ ആധുനികതയെ പുൽകിയ പ്രത്യക്ഷരക്ഷാ ദൈവസഭയുടെ ചരിത്രത്തെ പഠിക്കാൻ പര്യാപ്തമല്ല. ദലിത് ചരിത്രവും ചരിത്രരചനയും ആധുനികതയുടെ അറിവ് രൂപങ്ങളെ പ്രശ്നവൽക്കരിക്കുന്നതിനെ പ്രത്യക്ഷരക്ഷാദൈവസഭയെ കുറിച്ചുള്ള ആധുനികേതരമായ കീഴാളവീക്ഷണം പ്രതിഫലിപ്പിക്കുന്നുണ്ട്.

**Comaroff, John,**
**and Jean Comaroff.**
*Of Revelation and Revolution. Vol. 2: The Dialectics of Modernity on a South African Frontier.*
*(Chicago: University of Chicago Press, 1997).*

**Mohan, sanal.**
*Social Space, Civil Society and Dalit Agency Twentieth Century. In (Rawat, R.S and Satyanarayana K. (ed))*

**Rawat,R S and Satyanaraya k.**
**Dalit Studies.**
*(Durham: Duke University Press, 2016).*





**FATHIMA ANAN**
1st BBA

# അനുവിന്റെ സ്വപ്നം

ജനഗണമനഅധിനായക ജയ ഹേ..............

ടിൻ ടിൻ ടിൻ ടിൻ ടിൻ  ടിൻ .....

അനു : "എടി ഞാൻ വീട്ടിൽ പോവാനേ"

(എന്ന് പറഞ്ഞു കൊണ്ടാണ് സ്ക്കൂളിൽ നിന്ന് ഇറങ്ങി അവൾ സാധാരണ പോകുന്ന വഴി അല്ലാർന്നു  അന്ന് പോയത്. സ്ക്കൂളിന്റെ പുറക് വശത്തുള്ള വഴിയിലൂടെയാണ് പോകുന്നത് പക്ഷേ അന്നത്തെ ദിവസം അവൾ സ്ക്കൂളിന്റെ  മുൻ വഴിയിലൂടെയാണ് പോയത്.)

റോഷൻ :" എന്താടി നി ഈ വഴിയിലൂടെ പോകുന്നത്?"

അനു: "ഏയ് ഒന്നുല്ലാട ചുമ്മാ പോകുന്നടാ..."

റോഷൻ: "എന്നാ വായോ ഞാൻ വീട്ടിൽ കൊണ്ട് വിടാം."

അനു: " വേണ്ടാടാ ഞാൻ ഇല്ല നീ പോക്കോ എനിക്ക് ഇവിടെ ഒരു കടയിൽ കയറാൻ ഉണ്ട്. "

റോഷൻ: " എന്ന ഓക്കെ ഞാൻ പോവുവാ നാളെ കാണാം. "

അനു: " ഓക്കെ ടാ.... എടാ പിന്നെ പോകല്ലേ..."

(റോഷൻ ബൈക്ക് മുന്നോട്ട് എടുത്തു. എന്നിട്ട് അനു  വിളിക്കുന്നത്  കേട്ട് നിർത്തി അവൻ തിരിഞ്ഞ് നോക്കി. )

റോഷൻ: "എന്താടി ....."

അനു:" നാളെ അസൈൻമെന്റ് ഉണ്ട്. അത് എഴുതി  കൊണ്ട് വരണം നിന്നോട്  പറയാൻ ടീച്ചർ പറഞ്ഞു. "

റോഷൻ:" ഓക്കെ ടി പറഞ്ഞത് നന്നായി അല്ലേൽ ഞാൻ അറിയില്ലാർന്നു."

അനു:" എന്നാ ശെരിയടാ ബൈ..."

റോഷൻ:" ബൈ.."

(അവൻ ബൈക്ക് സ്റ്റാർട്ടാക്കി പോയി അവൾ പയ്യെ കടയിലേക്ക് നടക്കുന്നു. സ്റ്റേഷനറി കടയിൽ എത്തിയപ്പോൾ അവൾ അതിന്റെ മുന്നിൽ നിന്നു. എന്നിട്ട് അതിന്റെ മുന്നിൽ നിന്ന് അതിന്റെ അകത്തേക്ക് കയറി. കടയിൽ മുഴുവൻ ആണുങ്ങളാണ്. അവൾ ഒന്ന് മടിച്ചെങ്കിലും ഇനി അങ്ങോട്ട് വേറെ ഇല്ലാത്തത് കൊണ്ടും അവൾ രണ്ടും കൽപ്പിച്ച് കടയിൽ കയറി)

അനു:" ചേട്ടാ ഒരു നോട്ട് ബുക്ക് ഉണ്ടോ..."

ചേട്ടൻ :" ആ... ഉണ്ടല്ലോ എങ്ങനെത്തെയാ വേണ്ടത് ."

അനു:" ലൈൻ ഇല്ലാത്തത് large size പിന്നെ 200 പേജിന്റെ നോട്ട് ബുക്ക്. "

(അവൾ അത് പറഞ്ഞ് തീർന്ന ടൈമിൽ ആ ചേട്ടൻ ബുക്ക് എടുക്കാൻ അകത്തേക്ക് പോയപ്പോൾ അവിടെ ഉണ്ടായിരുന്ന ഒരാൾ അവളുടെ കയ്യിൽ മര്യാദയില്ലാത്ത രീതിയിൽ തോട്ടു. അവൾ തിരിഞ്ഞു നോക്കിയപ്പോൾ അയാൾ സോറി പറഞ്ഞു.)

അനു:" It's ok."

(അവൾ അത് കാര്യമാക്കിയില്ല. അയാൾ പിന്നെയും ആ രീതിയിൽ തോട്ടു അപ്പോ അവൾ ദേഷ്യയത്തോടെ തിരിഞ്ഞുനോക്കി അയാൾ വീണ്ടും സോറി പറഞ്ഞു അറിയാതെ പറ്റിയതാ ക്ഷമിക്കണം എന്ന് പറഞ്ഞ് അപ്പോഴേക്കും ആ ചേട്ടൻ നോട്ട് ബുക്ക് ആയിട്ട് തിരിച്ച് വന്നു.)

അനു:" ചേട്ടാ ഒരു 10 A4 പേപ്പർ കൂടി വേണം."

ചേട്ടൻ:" ആ മോളെ ഞാൻ എടുത്തിട്ട് വരാം. "

അനു:" ഒക്കെ. "

(അവൾ വീണ്ടും ചേട്ടൻ വരാൻ കാത്ത് നിന്നപ്പോൾ അയാൾ വീണ്ടും മര്യാദയില്ലാത്ത രിതിയിൽ കയ്യിൽ പിടിച്ചു. അവൾ അപ്പോൾ ശെരിക്കും ദേഷ്യം വന്നിട്ട് ഒച്ച വെച്ചു.)

അനു :" തനിക്ക് എന്താടോ കുറെ നേരായല്ലോ തുടങ്ങീട്ട്. "

അയാൾ :" ഞാൻ എന്ത് ചെയ്തെന്നാ കൊച്ച് പറയുന്നേ. "

അനു:" ഒന്നും ചെയ്തില്ലേ കുറെ നേരമായല്ലോ താൻ എന്റെ കയ്യിലൊക്കെ തട്ടാനും പിടിക്കാനും തുടങ്ങീട്ട്. "

ചേട്ടൻ :" എന്താ മോളെ പ്രശ്നം. "

അനു:" ചേട്ടാ ഇയാൾ കുറെ നേരമായി എന്റെ കയ്യിൽ തട്ടാനും പിടിക്കാനും തുടങ്ങിയിട്ട് ഇപ്പോൾ എന്റെ കയ്യിൽ കയറി പിടിച്ചു. "

അയാൾ: " ഞാൻ ഒന്നും ചെയ്തിട്ടില്ല ആ കൊച്ച് ചുമ്മാ പറയുന്നതാടാ."

അനു :" പിന്നെ തന്നെ എനിക്ക് അറിയത്തൂടെയില്ല പിന്നെ ഞാൻ എന്തിനാ തന്നെ പറ്റി ചുമ്മാ പറയുന്നേ. "

ചേട്ടൻ :" അത് ശെരിയാ ആ കൊച്ച് പറയുന്നതിലും കാര്യം ഉണ്ട്. കൊച്ച് ഒരു കാര്യം ചെയ്യ് ഇതിന്റെ പൈസ തന്നിട്ട് വേഗം പൊക്കോ."

അനു :" അത് അങ്ങനെ ശെരിയാവത്തില്ല ചേട്ടാ വെറുതെ വിടാൻ ഉദ്ദേശിച്ചിട്ടില്ല ഞാൻ. എപ്പോഴും ഇവന്മാരെ പോലുള്ളവരെ വെറുതെ വിട്ടാൽ പെൺകുട്ടികൾ പ്രതികരിക്കില്ല എന്ന് അവന്മാർക്ക് അറിയാ. അവർ വീണ്ടും ഇത് തന്നെ ആവർത്തിക്കും അതുകൊണ്ട് ഞാൻ ഇത് കംപ്ലയിന്റ് ചെയ്യും."

ചേട്ടൻ:" ഒക്കെ മോളെ, കൊച്ചിന്റെ ഇഷ്ടം. "

അനു :" ഓക്കേ ചേട്ടാ. "

(അങ്ങനെ അവൾ കടയിൽ നിന്ന് ഇറങ്ങി പുറത്ത് നിന്ന ട്രാഫിക് പോലീസിനോട് കാര്യം പറഞ്ഞു അപ്പൊഴേക്കും അയാൾ അവിടെ നിന്ന് പോകാൻ നിന്നപ്പോൾ കടയിലെ ചേട്ടൻ അയാളെ അവിടെ പിടിച്ച് നിർത്തി. എന്നിട്ട് അനു പോലീസിനെയും കൂട്ടി കടയിലേക്ക് പോയി പോലീസ് അവന്റെ ഫോട്ടോ എടുത്തു. അനുവിനോട് പോലീസുകാരൻ പറഞ്ഞു മോൾ ഇപ്പോൾ ചെല്ല് ഇവന്റെ കാര്യം ഞാൻ നോക്കിക്കോളാം. )

അനു:" ഓക്കേ സാർ, ഇവരെ ഒന്നും വെറുതെ വിടരുത് സാർ പെൺകുട്ടികൾ പ്രതികരിക്കില്ലാൻ വിചാരിച്ച് ഇവന്മാർ ഓരോന്ന് കാട്ടികൂട്ടുന്നു. പെൺകുട്ടികൾ പ്രതികരിക്കും. ഇവന്മാരെ പോലെയുള്ള വരെ ആരും പേടിക്കില്ല. "

പോലീസ്:" മോൾ എല്ലാവർക്കും ഒരു മാതൃകയാണ്. മോൾ പൊക്കോ ഇവന്റെ കാര്യം ഞാൻ നോക്കിക്കോളാം

അനു:" ഓക്കേ സാർ. "

(അങ്ങനെ അവൾ വീട്ടിലേക്ക് നടക്കുന്നതിനിടയിൽ പുറകിൽ നിന്ന് ഒരു കയ്യ് വന്ന് അവളുടെ ഷോൾഡറിൽ പിടിച്ചു)

അമ്മ :" അനു എനിക്ക്..... അനു.... സ്കൂളിൽ പോകണ്ടേ വേഗം എനിക്ക്. "

അനു:" ആ എണിറ്റു അമ്മേ.... ശ്ശേ.... അത് സ്വപ്നമായിരുന്നോ എന്നാലും ആരായിരിക്കും എന്റെ ഷോൾഡറിൽ പിടിച്ചത്.... എന്തായാലും ഞാൻ ഇനി പ്രതികരിക്കും. "

(പണ്ടത്തെ കാലത്തെ പെൺകുട്ടികൾ പ്രതികരിക്കാൻ പേടിയായിരുന്നു പക്ഷെ ഇപ്പൊ അങ്ങനെയല്ല. പെൺകുട്ടികൾക്ക് പേടിക്കാതെ പുറത്ത് ഇറങ്ങി നടക്കാൻ പറ്റണം അതിന് പെൺകുട്ടികൾ പ്രതികരിക്കണം ഉറപ്പായും കാലം മാറും പെൺകുട്ടികൾ പേടിക്കാതെ പുറത്തിറങ്ങി നടക്കുന്ന കാലം വരും ആരേം പേടിക്കാതെ ആരുടേം തുണ ഇല്ലാതെ പെൺകുട്ടികൾ ജീവിക്കും...)




**HILAL. K. PULAVATH**
1st BA English





# എന്റെ ജീവിതാനുഭവം

പ്രിയപ്പെട്ട വായനക്കാരെ,

ജീവിതത്തിൽ ഉൾക്കൊണ്ടതും എനിക്ക് കിട്ടിയ തുമായിട്ടുള്ള കുറച്ച് കാര്യങ്ങലാണ് ഞാൻ ഇവിടെ പങ്കുവെക്കുന്നത് . ഞാൻ ഇനി വിഷയത്തിലേക്ക് കട ക്കാം. എന്റെ ജീവിതം എടുത്തുനോക്കിയാൽ എന്തെ ങ്കിലും ഒരു കാര്യം ചെയ്തു കഴിഞ്ഞാൽ 80% സംഭവി ക്കാൻ സാധ്യത കൂടുതൽ പരാജയമായിരിക്കും. ബാ ക്കി 20% പ്രതീക്ഷ കൊടുക്കും. പക്ഷേ, പരാജയം സം ഭവിച്ച സന്ദർഭങ്ങളിൽ അടുത്ത പ്രാവശ്യം പരമാവധി പറ്റുന്ന രീതിയിൽ ഞാൻ പരിശ്രമിക്കുകയും മുന്നിട്ടിറ ങ്ങാൻ തീരുമാനിക്കുകയും ചെയ്തു. ഇങ്ങനെ പരിശ്ര മിക്കുന്നതിലൂടെ വാസ്തവത്തിൽ,

എനിക്ക് ആത്മവിശ്വാസം വർധിക്കുകയും ആത്മഅ ഭിപ്രേരണയിൽ (self motivation) പുരോഗതി വരുത്താ നും കഴിഞ്ഞിട്ടുണ്ട്.


എന്തായാലും എനിക്ക് നിങ്ങളോട് അവസാനമായി ട്ട് സൂചിപ്പിക്കാൻ ഉള്ളത്,

"എല്ലാ മനുഷ്യരും ഒരുപോലെ അല്ല"

"മനുഷ്യരുടെ ജീവിതത്തിൽ ഉയർച്ചയും താഴ്ചയും സംഭവിക്കും"

"നമ്മൾ താഴ്ചകളെ മറികടക്കാൻ പരിശ്രമിക്കുക, നമ്മുടെ കഴിവുകളിൽ വിശ്വസിക്കുക, വിജയം തീർച്ച യായും സംഭവിക്കും"

നന്ദി നമസ്കാരം..



# HOLDING ON TO HOPE

**MINNAH MEHRIN**
BA English 2nd year

Hope is a flame that flickers bright,
A beacon in the dark of night,
It lifts us up, it guides us through,
But for some, it's a painful dew.

It whispers promises, it speaks of dreams,
A future bright — or so it seems,
But when it fades, it leaves us cold,
A heart that's broken, a story untold.


In some, it lives — a burning fire,
A flame that fuels a heart that aspires,
It drives us forward, through trials and strife,
A light that shines, a guiding life.

But when it's lost, oh, the pain is real,
A fall that's hard, a heart unsealed,
For all our hopes, our dreams, our strife,
Can shatter, leaving only tears and life.

So let's hold on to hope with all our might,
For in its light, we find our way — our sight,
Though it may hurt, though it may deceive,
Hope's a flame that we can't help but believe.

And when it fades, and we're left astray,
Let's find the strength to face the day,
For in the darkness, we'll find a way,
To rise again — to start anew, come what may.

സി.പി.





# വേപ്പില



എല്ലാവർക്കും കടുത്ത അസൂയയാണ് വേപ്പിലയോട്.

വീട്ടമ്മയായാലും ജോലിക്കാരിയായാലും പറയും - കറിക്ക് ഒരു രുചിയും മണവും വേണമെങ്കിൽ വേപ്പില ഇല്ലാണ്ട് പറ്റൂല്ല. ഇത് കേൾക്കുമ്പോൾ വേപ്പിലക്കും ഇത്തിരി ഗർവ് കൂടും. കറിയായാലും അവിയൽ ആയാലും കൂട്ടിന് വേണം.


" ഹോ, എന്താ അവളുടെ ഒരു ഗമ. എല്ലാവർക്കും വേണം അവളെ. നമ്മളെയൊക്കെ വല്ലപ്പോഴും എടുത്താലായി ഇല്ലെങ്കിലായി"

-പയറും പാവക്കയും വെണ്ടക്കയും കാച്ചിലും ചേനയും പീച്ചിങ്ങയുമെല്ലാം വേപ്പിലയെ നോക്കി അസൂയയോടെ പിറുപിറുത്തു.

ദീർഘനിശ്വാസം വിട്ട് പച്ചക്കറിക്കൂട്ടുകാർ അങ്ങനെയിരുന്നു.

ഉച്ചയൂണ് കഴിഞ്ഞപ്പോഴേക്കും ദാ കിടക്കുന്നു വേപ്പില ഓരോന്നോരോന്നായി പുറത്തേക്ക്. വിഭവ സമൃദ്ധമായ ഊണ് കഴിച്ച് കഴിഞ്ഞപ്പോഴേക്കും അതിഥികൾക്കടക്കം വേപ്പില ശല്യമായത് സ്വാഭാവികം. ഇത് കണ്ട് പയറും പാവക്കയും കാച്ചിലും എല്ലാം അടങ്ങുന്ന പച്ചക്കറിക്കൂട്ടുകാർ ഊറിയൂറിച്ചിരിച്ചു.

പക്ഷേ, മറ്റുള്ളവരെ തൃപ്തിപ്പെടുത്തുക എന്ന ദൗത്യം ഭംഗിയായി നിർവഹിച്ച നിർവൃതിയോടെ വേപ്പില വെറും കറിവേപ്പിലയായി കുപ്പത്തൊട്ടിയിലേക്ക് ഊളിയിട്ടു.




# ബുക്ക് റിവ്യൂ

**ലുതുഫാ ബീവി**
2nd BA Arabic

പുസ്തകത്തിന്റെ പേര്:
**ഫലസ്തീൻ – സമ്പൂർണ്ണ ചരിത്രം**
എഴുത്തുകാരൻ:
**ഡോ. താരിഖ് സുവൈദാൻ**
പ്രകാശകർ:
**ഐ.പി.എച്ച്. പബ്ലിക്കേഷൻസ്**

## ■ പുസ്തകത്തെ കുറിച്ച്

ഫലസ്തീന്റെ സമ്പൂർണ്ണ ചരിത്രം വ്യക്തമാക്കുന്ന മലയാളത്തിലെ അപൂർവ്വ ഗ്രന്ഥമാണ് ഇത്. പുരാതന കാലം മുതൽ ഇന്നത്തെ പാലസ്തീൻ പ്രശ്നം വരെ, ചരിത്ര സംഭവങ്ങളും സാമൂഹിക-സാംസ്കാരിക പശ്ചാത്തലങ്ങളും വിശദമായി പ്രതിപാദിക്കുന്നു.

ഗ്രന്ഥകാരൻ ശാസ്ത്രീയവും ഗവേഷണാത്മകവുമായ സമീപനത്തിൽ വിഷയത്തെ അവതരിപ്പിക്കുന്നു. പഴയ മതഗ്രന്ഥങ്ങൾ, ചരിത്ര രേഖകൾ, രാഷ്ട്രീയ സംഭവങ്ങൾ, സാമ്രാജ്യങ്ങളുടെ അധിനിവേശങ്ങൾ, മുസ്ലിം ഖലീഫകളുടെ പങ്ക്, ഒട്ടോമൻ സാമ്രാജ്യത്തിന്റെ കാലഘട്ടം എന്നിവയെല്ലാം ലളിതമായ ഭാഷയിൽ വിവരിക്കുന്നു.



## ■ പ്രത്യേകതകൾ

വായനക്കാരനെ ചരിത്രയാത്രയിലേയ്ക്ക് കൊണ്ടുപോകുന്ന സമഗ്രമായ ശൈലി.

ജറൂസലേം, മസ്ജിദുൽ അക്സാ, സയോണിസം, ഇസ്രായേൽ രൂപീകരണം തുടങ്ങിയ വിഷയങ്ങൾ വിശദീകരിക്കുന്നു.

ചരിത്രവും രാഷ്ട്രീയവും മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന സാധാരണ വായനക്കാരനും ഗവേഷകർക്കും ഒരുപോലെ ഉപകരിക്കും.

ലളിതവും വ്യക്തവുമായ മലയാളത്തിൽ എഴുതപ്പെട്ടതിനാൽ വായിക്കാനും മനസ്സിലാക്കാനും എളുപ്പം.

## ■ എന്റെ അനുഭവം (Review Note)

ഈ പുസ്തകം വായിക്കുമ്പോൾ, ഫലസ്തീൻ പ്രശ്നത്തിന്റെ പശ്ചാത്തലം എത്ര വലിയ ചരിത്രത്തിന്റെ തുടർച്ചയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. സാധാരണ വാർത്തകളിൽ കാണുന്ന സംഭവങ്ങളുടെ അടിത്തറയും, അവയ്ക്കു പിന്നിലെ നീണ്ടു നിൽക്കുന്ന രാഷ്ട്രീയവും മതപരവുമായ വേരുകളും വായനക്കാർക്ക് വ്യക്തമായി അറിയാൻ സഹായിക്കുന്ന ഗ്രന്ഥമാണിത്.

## ■ സമാപനം

"ഫലസ്തീൻ – സമ്പൂർണ്ണ ചരിത്രം" ചരിത്രം, രാഷ്ട്രീയം, മതപാരമ്പര്യം എന്നിവയിൽ താൽപര്യമുള്ളവർക്ക് നിർബന്ധമായും വായിക്കേണ്ട ഗ്രന്ഥമാണ്. ഫലസ്തീൻ പ്രശ്നം മനസ്സിലാക്കാൻ മലയാളത്തിൽ ലഭ്യമായ ഏറ്റവും നല്ല പുസ്തകങ്ങളിൽ ഒന്നാണിത്.

# മഴ ചറപറ ചറപറ പെയ്യുന്നു

പുതിയ സായാഹ്നം കടന്നുവരുന്നു (2)
മഴ കണ്ണുനീർ തുള്ളിയും വിരഹവുമായി ആഗമിക്കുന്നു
സായാഹ്നം കാണാൻ നിരാശയാകുന്നു (2)
മഴ ചെറിയ തുള്ളികളായി പൊഴിയുന്നു
വിരഹങ്ങൾ ചെറിയ അതിർവരമ്പുപോലാകുന്നു (2)
മാനവിക വിരഹം മഴയുടെ കണ്ണുനീർ തുള്ളി
പോലെ സായാഹ്നം പുൽകി (2)
ഓരോ മഴത്തുള്ളിയും പുതിയ തരം
സായാഹ്നങ്ങൾ മനുഷ്യന് സമ്മാനമായി നൽകി...

മഴ ചറപറ ചറപറ പെയ്യുന്നു
 സായാഹ്നങ്ങൾ കടന്നുവരുന്നു (2)
ഓരോ മഴത്തുള്ളിയും മാനവികതയുടെ
അനുഭവ പാഠമാകുന്നു.
മഴ ചറപറ ചറപറ പെയ്യുന്നു
പുതിയ സായാഹ്നം കടന്നുവരുന്നു....

**- ഹിലാൽ. കെ. പുലവത്ത്**

**AYSHA SULTHANA**
Final BA English

# एक लड़की की आवाज़

लड़की होकर जन्म लेना क्या अभिशाप है?
नहीं — ये तो सिर्फ़ इतिहास है
जो मैंने किया, वो पाप नहीं
वो तो बस एक रहस्य है
मैं चुप्पी में नहीं जन्मी,
मैं आवाज़ उठाने आई हूँ
मेरे भी हैं सपने,
मेरे भी हैं लक्ष्य
मेरे भी हैं अधिकार,
मेरे भी है स्वतंत्रता
ये मेरा हक़ है!!







HUDHA SALVA

# സയണിസം: മാനവികത നേരിടുന്ന വെല്ലുവിളി

സയണിസം. എന്നത് 19-ാം നൂറ്റാണ്ടിന്റെ അവസാനം ഉദിച്ചുള്ള ഒരു ജാതിമത ദേശീയവാദ ചലനമാണ് - ഓട്ടോമൻ ഭരണത്തിലായിരുന്ന ഫലസ്തീനിൽ ഒരു ജൂത ഹോംലാൻഡ് സൃഷ്ടിക്കുകയാണ് ഇതിന്റെ ലക്ഷ്യം. യൂറോപ്പിലെ പീഡനങ്ങളിൽ നിന്നും ആന്റി - സെമിറ്റിസത്തിൽ നിന്നും രക്ഷപെടാനായിരുന്നു ഈ മുന്നേറ്റം. രണ്ടാം ലോകമഹായുദ്ധത്തിനും ഹോളോകോസ്റ്റിനും ശേഷം 1948 ഇസ്രായേൽ എന്ന രാഷ്ട്രത്തിന്റെ സ്ഥാപനത്തിന് അന്താരാഷ്ട്ര സമൂഹം പിന്തുണച്ചു.

ഇസ്രായേൽ രൂപീകരണത്തോടെ ലക്ഷക്കണക്കിന് ഫലസ്തീനികൾ വീടില്ലാത്തവരായി. ഇന്നും ഇസ്രായേൽ- ഫലസ്തീൻ പ്രശ്നം ആഗോള രാഷ്ട്രീയത്തിൽ ഏറ്റവും സങ്കീർണവും വിവാദപരവുമായ വിഷയങ്ങളിൽ ഒന്നാണ്. ചിലർ ഇതിനെ ഒരു നാഷണൽ ലിബറേഷൻ മൂവ്മെൻറ് ആയും മറ്റുചിലർ കോളനി വാദവുമായും കാണുന്നു. അധിനിവേശവും, സെറ്റിൽമെന്റുകളും, ആവരണവും, ഉപരോധവും, മാനവാവകാശ ലംഘനങ്ങൾ, കുടിയേറ്റ ഷിബിരങ്ങൾ, തുടങ്ങി ഫലസ്തീൻ ജനത നേരിടുന്ന പ്രശ്നങ്ങൾ അനേകവും ക്ലേശകരവും ആണ്.

വർത്തമാന ലോകത്തെ ഏറ്റവും ശക്തവും വിപുലവുമായ തീവ്രവാദ ആശയമാണ് സയണിസം. അപര വിരോധത്തിലും ഹിംസയിലും അധിഷ്ഠിതമായ പ്രത്യയശാസ്ത്രവും പ്രവർത്തന പദ്ധതികളും ഉള്ള ആശയം.

സയണിസം മത ജാതി കൂട്ടായ്മയുടെ ആധിപത്യത്തെ ഉയർത്തിപ്പിടിക്കുന്ന ദേശീയവാത ആശയമാണ്. മുസ്ലീങ്ങളെയും കീഴാള ജാതിക്കാരെയും ബാധിക്കും വിധം പ്രാദേശിക സ്ഥിരതക്കും വലിയ ബാധകൾ സൃഷ്ടിക്കുന്നു.

യഥാർത്ഥത്തിൽ സയണിസം ഒരു പ്രത്യേക വിഭാഗം ജനതയെ ഈ ലോകത്ത് നിന്ന് ഉന്മൂലനം ചെയ്യുന്നതിനും തങ്ങളുടെതായ ഒരു രാജ്യം ഉണ്ടാക്കുന്നതിനും വേണ്ടി ഏത് അക്രമവും അഴിച്ചുവിടുന്ന മാനവികതയ്ക്ക് തന്നെ ഉൾക്കൊള്ളാൻ പ്രയാസമേറിയ ഒന്നാണ്. ലോകത്തിലെ തന്നെ ഭീകര സംഘടനകയായ സയണിസം ലോകത്ത് ഉന്മൂലനപ്രവർത്തനങ്ങൾക്ക് നിഗൂഢ നേതൃത്വം നൽകുന്ന ചാര സംഘമാണ്.

ആഗോളതലത്തിൽ വിമർശനങ്ങൾ നേരിടുന്നുണ്ട്. ന്യൂനപക്ഷം നേരിടുന്ന വെല്ലുവിളികൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണത്തിനും സമത്വത്തിനും സഹിഷ്ണുതക്കും സാമൂഹ്യനീതിക്കും വേണ്ടി മൂല്യങ്ങൾ നിലനിർത്തുന്നതിനും അനിവാര്യമായ നടപടികൾ സ്വീകരിക്കണമെന്നും അവരുടെ കുതന്ത്രങ്ങൾക്കുമുന്നിൽ ജാഗ്രത പുലർത്തണമെന്ന് ഉണർത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.



**MEERA DEEPAK**
Assistant Proffessor
Department of English

# പ്രത്യാശ

പതിവിലും നേരത്തെ നാണു വീട്ടിലേക്ക് നടന്നു..
ചുറ്റും കൂരിരുട്ടാണെങ്കിലും നാണുവിന് ഭയം തോന്നിയില്ല..
മനസ്സിൽ എവിടെയോ ഒരാശ്വാസം തോന്നി തുടങ്ങി..
മഴ പെയ്യുന്നുണ്ട്..
ആകാശം കാർമേഘം നിറഞ്ഞു നിൽക്കുകയാണ്..
ഇന്നലെ വരെ ഉണ്ടായിരുന്ന തന്റെ മനസ്സുപോലെ..
അടുത്ത ദിവസം പണി കൊപ്രാക്കളത്തിലാണ്..
പോയാലേ നാല് വയറു നിറയുള്ളു..
കാത്തു കാത്തു കിട്ടിയൊരു പണിയാണ്..
പക്ഷെ ഈ മഴ ഇങ്ങനെ തോരാതെ പെയ്താൽ പണി മുടങ്ങുമല്ലോ..
ഇനിയും ഇങ്ങനെ പണിയില്ലാതെ വീട്ടിലിരുന്നാൽ മക്കൾ പട്ടിണിയാവും..
തേങ്ങാക്കാരൻ തങ്കനോട് വാങ്ങിച്ച കാശ് ഈയാഴ്ചയെങ്കിലും കൊടുത്തില്ലെങ്കിൽ അവൻ വീട്ടിൽ വന്ന് കുത്തിയിരിക്കും..
അവനത്തരക്കാരനാണ്.
പറഞ്ഞിട്ടെന്താ കാശ് കടം തന്നവർ തിരിച്ചു ചോദിക്കുന്നതിൽ തെറ്റ് പറയാനാവില്ലല്ലോ.
പ്രാരാബ്ധക്കാരുടെ ഉള്ളിലെ പിടപ്പ് അവനെങ്ങനെ മനസ്സിലാവാനാ..
ഒറ്റ തടിയല്ലേ..
കാശിനാണെങ്കിൽ പഞ്ഞവുമില്ല..
പെണ്ണും കെട്ടിയിട്ടില്ല...
കല്യാണം പുള്ളിക്ക് വേണ്ടത്രേ..
കെട്ടിയ പെണ്ണിന് ഉണ്ണാനും ഉടുക്കാനും കൊടുക്കുന്നത് പാഴ്ച്ചിലവ് ആണെന്നാണ് തങ്കന്റെ നിലപാട്.
പാവം മനുഷ്യൻ..
പരസ്പരം പങ്കുവെക്കുന്നതിന്റെ സുഖം അറിയാത്ത വിഡ്ഢി എന്ന് വിളിക്കാനേ നാണുവിന് തോന്നിയുള്ളു.
കൈയ്യിലെ ചൂട്ടിന്റെ തീ കെടുന്നതിന് മുന്നേ വീട് പിടിക്കണമെന്ന ഉൾവിളിയോടെ നാണു ചൂട്ടും വീശി ആയത്തിൽ നടന്നു..
വളവ് തിരിയുന്നിടത്താണ് വർ

ക്കിടെ പീടിക.
മക്കൾക്ക് എന്തെങ്കിലും പലഹാരം വാങ്ങിയിട്ട് കാലങ്ങളായി..
കുറച്ച് നുറുക്കും കട്ടി ബിസ്ക്കറ്റും വാങ്ങാം.
പണം നാളെ പണിക്കുപോയിട്ട് വരുമ്പോ കൊടുക്കാമെന്നു പറയാം..
നാണു ചൂട്ട് കക്ഷത്തിൽ വച്ച് കടയിലേക്ക് കയറി.
നുറുക്കും ബിസ്ക്കറ്റും വാങ്ങി കടവും പറഞ്ഞു വീട്ടിലേക്ക് നടന്നു..
കടം വാങ്ങുന്ന തുകയുടെ വലിപ്പം കൂടുകയാണ്...
എന്നാലും ചില നേരങ്ങളിൽ കടം വാങ്ങിയിട്ടാണെങ്കിലും കുഞ്ഞുങ്ങളുടെ പുഞ്ചിരി കാണാനുള്ള ആഗ്രഹത്തിന് ഇങ്ങനൊക്കെ ചെയ്ത് പോകും..
പാവം കുട്ടികൾ എത്ര ദിവസായി പലഹാരത്തിന് കൊതിക്കുന്നു.
കഞ്ഞിയും പയറും മാത്രം കുടിച്ചുകൊണ്ട് എത്ര ദിവസായി കഴിയുന്നു..
അവറ്റകൾക്ക് പലഹാരത്തിന് കൊതി കാണുമല്ലോ..
തന്റെ മക്കളായോണ്ട് വാശി പിടിച്ച് കരയുന്നില്ല..
ഈയിടെയായി രണ്ടുപേരും നല്ലോണം ക്ഷീണിച്ചിട്ടുണ്ട്..
പണി കിട്ടിയിട്ട് വേണം നല്ല ഭക്ഷണമൊക്കെ വാങ്ങി കഴിപ്പിക്കാൻ..
ആരെങ്കിലുമൊക്കെ പണിക്ക് വിളിക്കുമ്പോൾ മനസ്സിലൊരു പ്രത്യാശയാണ്..
ജീവിക്കുന്നുണ്ടെന്നൊരു തോന്നൽ...
പത്തിൽ പഠിക്കുമ്പോ തുടങ്ങി പാടത്തും ഇഷ്ടികക്കളത്തിലുമൊക്കെ പണിക്കുപോയി ജീവിച്ചു തുടങ്ങിയതല്ലേ..
ഇപ്പോൾ കുടുംബവും കുഞ്ഞുങ്ങളുമൊക്കെയായപ്പോ പ്രാരാബ്ധക്കാരനുമായി..
എങ്കിലും മക്കൾക്ക് വേണ്ടി വാങ്ങുന്ന ആഹാരത്തിന് കടം പറയേണ്ടി വരരുതേ എന്ന പ്രാർഥനയേയുള്ളു നാണുവിന്..
നാണു മക്കളെ വിളിച്ചോണ്ട് വാതിൽ തുറന്നു..

അച്ഛാ..
എന്നും വിളിച്ചവർ ഓടിവന്നപ്പോൾ നാണുവിന്റെ മനസ്സ് നിറഞ്ഞു..
എത്ര കഷ്ടപ്പാടുണ്ടായാലും ഈ വിളി കേൾക്കുമ്പോൾ കിട്ടുന്ന മനസുഖം ഒന്ന് വേറെയാണ്..
അച്ഛന്റെ കൈയ്യിലെ പൊതി കണ്ടതും കുട്ടികൾ ആർത്തു വിളിച്ചു..
ബിസ്ക്കറ്റും നുറുക്കുമൊക്കെ പൊട്ടിച്ച് കഴിക്കുമ്പോൾ അവരുടെ മുഖത്തെ പ്രകാശം ഒന്ന് കാണേണ്ടത് തന്നെയാണ്..
നാണു പിന്നെയും ആകാശത്തേക്ക് നോക്കി..
ഇരുട്ടിലെവിടെങ്കിലും ഒരു നക്ഷത്രവെളിച്ചം കാണാനിടയായാൽ മഴക്കാറില്ല എന്നുറപ്പിക്കാം..
നാളത്തെ പണി മുടങ്ങില്ലല്ലോ..
ഉള്ള കഞ്ഞിയും കുടിച്ചു വളഞ്ഞു കൂടാമെന്ന ചിന്തയിൽ തോർത്തും എടുത്ത് കുളിമുറിയിലേക്ക് നടന്നു..
ആകെയൊരു ക്ഷീണം തോന്നുന്നു..
പത്തൊൻപത്തിലെ കോറോണക്ക് ശേഷം ആകെയൊരു വയ്യായ്കയാണ്..
എങ്കിലും ആരെങ്കിലും പണിക്ക് വിളിച്ചാൽ ആകെയൊന്ന് ഉഷാറാവും...
കുളി കഴിഞ്ഞു വന്നപ്പോഴേക്കും രാധമ്മ ചുട്ടരച്ച ചമ്മന്തിയും ചൂടൻ കഞ്ഞിയുമായി കാത്തിരിക്കുന്നുണ്ടായിരുന്നു.
പാവം അതിന്റെ അവസ്ഥയോർത്താണ് കൂടുതൽ സങ്കടം..
ഒരു കഷ്ണം തുണിപോലും വാങ്ങിക്കൊടുത്തിട്ട് കാലമെറേയായി..
രാധമ്മ കോഴിയെ വളർത്തിയും ആടിനെ വളർത്തിയും കിട്ടുന്ന കാശ് കൊണ്ടാണ് ഈയിടെയായി കുടുംബം കഴിഞ്ഞുകൂടുന്നത്..
പ്രളയം ആയിട്ടും കൊറോണ ആയിട്ടും കൈയ്യിലെ ആകെയുണ്ടായിരുന്ന സമ്പാദ്യമെല്ലാം കൊണ്ടുപോയി..
പാവപ്പെട്ട സാധാരണക്കാർക്ക് ആരും ലോൺ പോലും തരില്ല..
ഈട് വക്കാൻ ഒന്നുമില്ലാത്തവർക്ക് ഏത് ബാങ്ക് ലോൺ തന്നിട്ടാണ്..
പിന്നെ തങ്കനെ പോലുള്ള പലിശക്കാരെയുള്ളൂ ആശ്രയം..
അതാണെങ്കിൽ റയിൽപാളത്തിനു കുറുകെ തലവച്ചു കിടക്കുന്ന അവസ്ഥയും..
എപ്പോഴാ ഏത് വഴിക്കാ ട്രെയിൻ വരിക എന്നറിയില്ലല്ലോ..
തങ്കന്റെ വരവ് അതുപോലെ ചൂളമടിച്ചാണല്ലോ..
തന്റെ നെഞ്ചത്ത് കൂടെ മിന്നൽ പോലത് ഓടിപ്പോകും..
നാണു കട്ടിലിൽ ഉറങ്ങിക്കിടക്കുന്ന മക്കളെ നോക്കി നെടുവീർപ്പിട്ടു..
മുന്നോട്ട് പോയേ പറ്റൂ..
കൊത്തിയും കിളച്ചും ഇനിയും മിച്ചം പിടിച്ചില്ലെങ്കിൽ നാളെയിനി



വരുന്ന പ്രളയജലത്തിൽ വീണ്ടും മുങ്ങേണ്ടി വരും...

അപ്പോഴും പാവപ്പെട്ട തന്നെപ്പോലുള്ളവർക്ക് കടം വാങ്ങേണ്ടിയും വരും..

പക്ഷെ നമ്മെപ്പോലുള്ളവരെ മാനത്തെ മഴക്കാറിനും തെളിഞ്ഞു നിൽക്കുന്ന സൂര്യനും തുലാമഴക്കും മകരക്കൊയ്ത്തിനും ഒക്കെ മാത്രമേ സഹായിക്കാനാവൂ..

പ്രകൃതി കനിഞ്ഞാലേ ജീവിക്കാനാവൂ..

പ്രകൃതിയിൽ നിന്നും കിട്ടുന്ന ഈ അനുഗ്രഹങ്ങൾക്ക് പകരം വക്കാൻ പറ്റിയൊരു ലോണും ഒരു ബാങ്ക്കാർക്കും തരാനും കഴിയില്ല...

ഗോപാലൻ നായരുടെ കപ്പതോട്ടത്തിലും

പൈലി ചേട്ടന്റെ കന്നാരതോട്ടത്തിലും അന്തുക്കന്റെ കൃഷിയിടത്തിലുമൊക്കെ പണിയെടുത്തു ജീവിക്കാനാണ് തന്നെക്കൊണ്ടാവൂ..

മക്കളെ നല്ലോണം പഠിപ്പിച്ച് വല്ല ഉദ്യോഗമൊക്കെ വാങ്ങാൻ പര്യാപ്തരാക്കാം..

അതിനല്ലേ ഈ കഷ്ടപ്പാട് മുഴുവനും...

മുറ്റത്തിറങ്ങി മാനത്തേക്ക് നോക്കി "നാളെ മഴയില്ലന്നു തോന്നുന്നു രാധമ്മേ പണിക്ക് പോകാൻ പറ്റും" എന്നും പറഞ്ഞ് സമാധാനത്തോടെ നാണു അകത്തേക്ക് കയറി മക്കളെയും കെട്ടിപ്പിടിച്ച് മൂടിപ്പുതച്ച് ഉറങ്ങാൻ കിടന്നു..

ഇനിയുള്ള ദിവസങ്ങളിൽ പണി ചെയ്ത് കടങ്ങൾ വീട്ടുന്നതും സ്വപ്നം കണ്ടുകൊണ്ട് നാണു ഉറങ്ങി..

നാളെയുടെ പ്രതീക്ഷയിൽ..

# Nature and beautification club

Established in the 2025–2026 academic year, the Nature and Beautification Club aims to transform the college campus by promoting environmental awareness and aesthetic enhancement. Its core objectives include greening the campus with plants, fostering a healthier learning environment, encouraging student-led sustainability efforts, and building a sense of responsibility toward nature. In its first year, the club successfully beautified the campus through enthusiastic member collaboration and launched its inaugural project —a Nature Corner in every classroom featuring potted plants to bring freshness and positivity into study spaces. With this promising start, the club looks forward to expanding its eco-friendly initiatives, and extends sincere thanks to all members whose cooperation and dedication made these achievements possible.

**FATHIMA BEEVI AZEEZ**
Cordinator
Asst. Professor
Department of Arabic





# Anti-Ragging Cell Report

The Anti-Ragging Cell of our institution actively works to ensure a safe, friendly, and respectful environment for all students. The cell strictly follows the guidelines given by the University Grants Commission to prevent any form of ragging on campus.

At the beginning of the academic year, the Anti-Ragging Cell conducted an awareness programme for first -year students. The session focused on informing students about the harmful effects of ragging and the legal consequences associated with it. Students were also encouraged to build healthy and respectful relationships with their peers.

Posters and notices highlighting anti -ragging rules and helpline numbers were displayed across the campus. The cell members regularly monitored different areas of the institution to ensure that no incidents occur.

An Anti-Ragging Committee and squad were formed, consisting of faculty members and student representatives. A complaint box was also placed in an accessible location to allow students to report issues confidentially.

Throughout the year, no ragging incidents were reported, reflecting the positive and supportive atmosphere of the campus. The Anti-Ragging Cell remains committed to maintaining discipline and promoting harmony among students.

**FESSIN M. M**
Co ordinator
HOD, Asst. Professor
Department of Commerce

# എൻ.എസ്.എസ്: സേവനത്തിലൂടെ വ്യക്തിത്വ വികസനം - ഒരു കലാലയ മാതൃക



ഒരു കലാലയത്തിന്റെ ഹൃദയമിടിപ്പ് അവിടുത്തെ സാമൂഹിക സേവന പ്രവർത്തനങ്ങളിലാണെന്ന് വിശ്വസിക്കുന്ന സംഘടനയാണ് നാഷണൽ സർവീസ് സ്കീം (NSS). "എനിക്കല്ല, നിനക്കായി" (Not Me, But You) എന്ന ആപ്തവാക്യം മുറുകെപ്പിടിച്ച്, വിദ്യാർത്ഥികളെ ഉത്തരവാദിത്തമുള്ള പൗരന്മാരായി വളർത്തിയെടുക്കുന്നതിൽ എൻ.എസ്.എസ് യൂണിറ്റുകൾ വഹിക്കുന്ന പങ്ക് സമാനതകളില്ലാത്തതാണ്.

## 1. വ്യക്തിത്വ വികസനം സേവനത്തിലൂടെ

എൻ.എസ്.എസ് എന്നത് കേവലം മരം നടാനോ ശുചീകരണത്തിനോ ഉള്ള വേദിയല്ല. മറിച്ച്, ഒരു വിദ്യാർത്ഥി തന്റെ ചുറ്റുമുള്ള സമൂഹത്തെ അടുത്തറിയുകയും അവരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്യുമ്പോൾ കൈവരിക്കുന്ന ആത്മവിശ്വാസവും നേതൃപാടവവുമാണ് ഇതിന്റെ കാതൽ. ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ സഹവർത്തിത്വവും വിട്ടുവീഴ്ചാ മനോഭാവവും വളർത്താൻ ഇത് സഹായിക്കുന്നു.

## 2. ബോധവൽക്കരണ പരിപാടികൾ

ലഹരിക്കെതിരെയുള്ള പോരാട്ടം, സൈബർ സുരക്ഷ, ലിംഗസമത്വം (Gender Equality), കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ (POCSO Act Awareness) തുടങ്ങിയ വിഷയങ്ങളിൽ എൻ.എസ്.എസ് യൂണിറ്റുകൾ നിരന്തരമായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. വിദഗ്ദ്ധരെ കാമ്പസിലെത്തിച്ച് വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും അറിവ് പകരുന്നത് വഴി ഒരു 'നോളജ് ഹബ്ബ്' ആയി മാറാൻ യൂണിറ്റിന് സാധിക്കുന്നു.

## 3. സഹജീവി സ്നേഹം (Compassion in Action)

പീസ് വാലി പോലുള്ള സാന്ത്വന കേന്ദ്രങ്ങൾ സന്ദർശിക്കുന്നതും, അശരണർക്ക് തണലേകുന്നതും വഴി പുസ്തകങ്ങളിൽ നിന്ന് ലഭിക്കാത്ത മാനവികതയുടെ പാഠങ്ങൾ കുട്ടികൾ പഠിക്കുന്നു. രക്തദാന ക്യാമ്പുകൾ, ആതുരസേവന രംഗത്തെ സഹായങ്ങൾ എന്നിവ എൻ.എസ്.എസിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളാണ്.



## 4. ഏഴുദിന സ്പെഷ്യൽ ക്യാമ്പുകൾ

കാമ്പസിനു പുറത്ത് ഒരു ഗ്രാമത്തിലോ സ്കൂളിലോ താമസിച്ചു നടത്തുന്ന ഏഴുദിവസത്തെ ക്യാമ്പുകളാണ് എൻ.എസ്.എസിന്റെ ജീവൻ. നാടിന്റെ വികസനത്തിനായി അധ്വാനിക്കുന്ന 'ശ്രമദാനം', ഗ്രാമീണ സർവ്വേകൾ, സാംസ്കാരിക വിനിമയം എന്നിവ വഴി വിദ്യാർത്ഥികൾ മണ്ണറിഞ്ഞു വളരുന്നു. ഇത് അവരിൽ കഠിനാധ്വാനത്തിന്റെ വില മനസ്സിലാക്കിക്കുന്നു.

## 5. പരിസ്ഥിതി സംരക്ഷണം

ഹരിത കാമ്പസ് പദ്ധതികൾ, പ്ലാസ്റ്റിക് വിമുക്ത കാമ്പയിനുകൾ, ജലസംരക്ഷണം എന്നിവയിലൂടെ പരിസ്ഥിതിയോട് ഇണങ്ങി ജീവിക്കേണ്ടതിന്റെ പ്രാധാന്യം എൻ.എസ്.എസ് ഓർമ്മിപ്പിക്കുന്നു.

## ഉപസംഹാരം

സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരുടെ ജീവിതം മെച്ചപ്പെടുത്താൻ ശ്രമിക്കുന്നതിലൂടെ സ്വന്തം ജീവിതത്തിന് അർത്ഥം കണ്ടെത്തുകയാണ് ഓരോ എൻ.എസ്.എസ് വളണ്ടിയറും ചെയ്യുന്നത്. അച്ചടക്കവും വിനയവുമുള്ള, നാടിന്റെ സ്പന്ദനം അറിയുന്ന ഒരു തലമുറയെ സൃഷ്ടിക്കാൻ എൻ.എസ്.എസ് പ്രവർത്തനങ്ങൾ ഓരോ കോളേജിനും കരുത്ത് പകരുന്നു.

**THAHIR MUHAMMED**
Assistant Professor
Department of Arabic



# Women Cell

Established in the 2023–2024 academic year, the Women Cell seeks to create a safer, more inclusive campus by promoting gender equity, awareness, and support for female students and staff. Its core objectives include ensuring protection against harassment, building confidence through skill-building and counseling, and advocating policies that foster equal opportunity and respect. In its journey, the cell conducted self-defense workshops, legal-rights awareness sessions, and health talks, while setting up a confidential grievance channel that encouraged students to voice concerns. With this encouraging start, the Cell plans to expand mentorship programs and campus-safety audits, and extends sincere thanks to all members and facilitators whose cooperation and dedication made these steps possible.

**SAJEENA P M**
Cordinator
Asst. Professor
Department of Computer Applications



# Inauguration & Arts Fest”

The Students’ Union of Azharul Uloom College of Arts and Science organized the grand event “LA FIESTA – Union Inauguration & Arts Fest” on 13th February at 9:00 AM in the AUCAS Auditorium. The programme marked the official inauguration of the Students’ Union along with the commencement of the annual arts festival.

The event began with a warm welcome to the dignitaries, faculty members, and students. The inauguration ceremony was conducted with great enthusiasm, highlighting the importance of student participation in extracurricular and cultural activities. The newly elected union members were introduced, and their roles and responsibilities were emphasized to ensure active student engagement throughout the academic year.

A major attraction of the event was the presence of the chief guest, playback singer Badusha, whose participation added vibrancy and excitement to the occasion. His interaction with students and performance created a lively atmosphere and inspired budding artists.

The arts fest segment of the programme showcased the diverse talents of students through various cultural performances, including music, dance, and other artistic expressions. The event provided a platform for students to exhibit their creativity and fostered a spirit of unity and collaboration among them.

The programme concluded on a high note, leaving the audience energized and motivated. Overall, LA FIESTA was a grand success, effectively combining formal inauguration with cultural celebration and setting a positive tone for the academic year’s activities.

## ARTS COMMITTEE

**Meera Muraleedharan**
Convenor

**Mr. THAHIR | Mrs. FATHIMA | Mrs. SAFNA**
Members

# DISCIPLINARY ACTION
## COMMITTEE REPORT

Discipline is the foundation of a successful academic environment, and the Disciplinary Committee of our institution has consistently worked towards upholding this value. Throughout the academic year, the committee took active steps to ensure a safe, respectful, and student-friendly campus atmosphere.

Various awareness programs and interactive sessions were conducted to instill values such as responsibility, respect, and ethical behavior among students. Regular monitoring in classrooms and common areas helped in maintaining order and preventing any form of misconduct. The committee also provided counseling and guidance to students, encouraging positive behavioral changes and personal growth.

**SHILAJA SAJI**
Coordinator





# Events & Celebrations

























Sana Nazrin KM
BCA 1st year












Sana Nazrin KM
BCA 1st year


STOP DRUGS
SET GOALS
DO SPORTS HOBIES
AVOID BAD COMPANY
STAY INFORMED
TALK ABOUT STRESS
ADDICTION
MEMORY LOSS
MENTAL ILLNESS
HEALTH PROBLEMS
RUINED RELATIONS
RIP


AUCAS


صلى الله عليه وسلم
Saira Sidhique












AUCAS
AZHARUL ULOOM COLLEGE OF ARTS AND SCIENCE
OUR VISION
www.azharululoom.com
aucas.aluva@gmail.com
OUR PROGRAMMES
CONTACT US


DIALOGUE SERIES
EXPERT TALK



AD

# AUCAS

**AZHARUL ULOOM**
COLLEGE OF ARTS & SCIENCE
(Affiliated to Mahatma Gandhi University,
Approved by AICTE New Delhi & Govt. of Kerala)
Run By **Azharul Uloom Charitable Trust**
Azhar Nagar, Marampally P.O., Aluv 683105

# ADMISSION
## OPEN FOR 2026-27

QUALITY | INTEGRITY | EMPLOYABILITY

AZHARUL ULOOM COLLEGE OF ARTS & SCIENCE

## OUR PROGRAMMES

- BBA (Hons) - Human Resource Management & International Business
- B.Com (Hons) - Finance & Taxation
- BA Arabic (Hons)
- BSW (Hons) - Medical & Psychiatric Social Work
- BA English (Hons) - Media & Cultural Studies
- BCA (Hons) - Artificial Intelligence and Machine Learning & Data Science

## ADD ON COURSES

- International Diploma in Logistic & Supply Chain Management
- Data Analyst with AI
- Digital Marketing with AI Tools
- Cyber Security
- B.Com + CMA (USA)
- BBA + CMA (USA)
- B.Com+ACCA
- B.Com + CA
- B.Com + CMA (India)



## SALIENT FEATURES

- Guidance and Counselling Centre
- Scholarship for Meritorious Students
- Hostel for Boys & Girls with free wifi
- Career and Placement Cell
- Transportation facility

**Enroll Now...!**

+91 90370 09217 | +91 914238 0005
+91 904874 1250 | +91 99952 46634

aucas.aluva@gmail.com azharululoom.com
azharululoomcollege
Azharul Uloom College of Arts and Science